# മഹാത്മാഗാന്ധി സർവ്വകലാശാല

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

(കേരള നിയമസഭയുടെ 17.04.1985 ലെ നം:3431/ലെ.ജി.സി. 1/85/നിയമവിഭാഗം വിജ്ഞാപനമനുസരിച്ച് സ്ഥാപിക്കപ്പെട്ടത്)

"ഭരണഭാഷ-മാതൃഭാഷ"

നം.എസി.എ1/2/5449/2018 തീയതി : 29.10.2018

## പരിപത്രം

വിഷയം : **"ഭൂമി മലയാളം"** - നവംബർ 1 ലോക മലയാള ദിനാചരണം - ഭാഷാ പ്രതിജ്ഞ എടുക്കുന്നതു - സംബന്ധിച്ച് :

സൂചന : കത്ത് നം.കെ1/301/2018/ഉ.വി.വ. തീയതി 25.10.2018

കേരളം അഭിമുഖീകരിച്ച അത്യന്തം ഭീകരമായ പ്രകൃതി ദുരന്തത്തിന്റെ തുടർച്ചയായി നാം ഒറ്റക്കെട്ടായി ഏറ്റെടുത്തു നടത്തുന്ന നാടിന്റെ പുന:നിർമ്മാണ പ്രക്രിയയുടെ പശ്ചാത്തലത്തിൽ ആഗോള തലത്തിൽ ഭാഷാടിസ്ഥാനത്തിൽ മലയാളികളെ ഒരു ഏകീകൃത പ്രവർത്തനത്തിന്റെ ഭാഗമാക്കുന്ന ഒരു പദ്ധതി **'ഭൂമി മലയാളം'** എന്ന പേരിൽ വിഭാവനം ചെയ്തിട്ടുണ്ട്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പരമാവധി മലയാളികളെ ബന്ധിപ്പിക്കുക ഒരേ സമയം ഭാഷാപ്രതിജ്ഞ ഏറ്റുചൊല്ലൽ ഉൾപ്പെടെയുള്ള വിവിധ പരിപാടികളിൽ പങ്കാളികളാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. ഈ സാഹചര്യത്തിൽ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന ഭാഷാ പ്രതിജ്ഞ ഉന്നത വിദ്യാഭ്യാസവകുപ്പിന്റെ കീഴിലുള്ള പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 2018 നവംബർ 1 - കേരളപ്പിറവി ദിനത്തിൽ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച നടപടിയുടെ വിശദാംശങ്ങൾ അതത് സ്ഥാപനങ്ങളുടെ website ൽ രേഖപ്പെടുത്തേണ്ടതുമാണ് എന്ന് ഉന്നത വിദ്യാഭ്യാസവകുപ്പിന്റെ സൂചന കത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്.

സൂചന കത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന എല്ലാ കോളേജകളും എടുക്കേണ്ടതാണ്.

ഡെപ്യൂട്ടി രജിസ്ട്രാർ **(അക്കാദമിക് I)**
**രജിസ്ട്രാർക്കു വേണ്ടി**

പകർപ്പ് :

1. എല്ലാ അഫിലിയേറ്റഡ് കോളേജുകൾ
2. പി. ആർ. ഒ
3. വിസി/പിവിസി മാരുടെ പി. എസ് മാർ
4. രജിസ്ട്രാറുടെ പി. എ
5. കണ്ടടെന്റ് മാനേജ്മെന്റ് സെക്ഷൻ

# മലയാളം മിഷൻ
# ലോക മലയാള ദിനം
## 2018 നവംബർ 1

### ഭാഷാപ്രതിജ്ഞ

ഭൂമി മുഴുവൻ പടർന്നുകിടക്കുന്ന ബൃഹത്തായ മലയാളി സമൂഹത്തിന്റെ ഭാഗമാണെന്നതിൽ ഞാൻ അഭിമാനിക്കുന്നു. ലോക സംസ്കാരത്തിനും സാഹിത്യത്തിനും മലയാളവും മലയാളികളും ചെയ്ത സംഭാവനകൾ എന്നെ ആഹ്ലാദിപ്പിക്കുന്നു. മലയാളിയുടെ മതാതീതമായ സൗഹൃദവും നവോത്ഥാനത്തിലൂടെ മലയാളികൾ കൈവരിച്ച ആധുനികമായ അവബോധവും എന്റെ രക്തത്തിൽ അലിഞ്ഞു ചേർന്നിരിക്കുന്നു. മലയാളിയുടെ സമത്വഭാവനയെ ഞാൻ ആദരിക്കുന്നു..

എന്റെ ഭാഷ ഞാൻ ലോകത്തെ നോക്കിക്കാണുന്ന രീതിയാണ്. എന്റെ ഓർമ്മകളും അനുഭവവും ഭാവനയും രൂപപ്പെടുത്തുന്നതിൽ അതിനു പ്രധാനമായ പങ്കുണ്ട്. മലയാളം എന്റെ സ്വത്വത്തെ നിർവചിക്കുന്ന ആദ്യഘടകമാണ്. ഞാൻ ഈ രാജ്യത്തും ലോകത്തിലും ഒരു മലയാളി എന്ന നിലയിൽ തന്നെ എന്നെ തിരിച്ചറിയുന്നു.

അനേകം മതങ്ങളും ലോകവീക്ഷണങ്ങളും സാമൂഹ്യ ജാഗ്രതാ പ്രസ്ഥാനങ്ങളും കലാ-സാഹിത്യ രൂപങ്ങളും സമൃദ്ധമാക്കിയതാണ് കേരളീയ സംസ്കൃതി. അതിന്റെ അവകാശിയായത് എന്റെ സൗഭാഗ്യമാണ്. എന്റെ ഭാഷയെയും സംസ്കാരത്തെയും നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടത് എന്റെ കടമയാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഭൂമിയുടെ ഏത് കോണിൽ ജീവിച്ചാലും എന്റെ ഭാഷയെ ഞാൻ വിസ്മരിക്കുകയില്ല. വരും തലമുറകളിലേക്കും ആ ഭാഷയും അതിലൂടെ ഞാൻ അവകാശമാക്കിയ സംസ്കാരവും പകരുവാൻ കഴിവിന്റെ പരമാവധി പ്രവർത്തിക്കുമെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു

"എവിടെയെല്ലാം മലയാളി അവിടെയെല്ലാം മലയാളം"